"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ സ്റ്റേറ്റ് എം. ജി. എൻ. ആർ. ഇ. ജി. എ എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി. ദേവി. രാമചന്ദ്രന് [PEN No.691658] മാതൃവകുപ്പിൽ നിയമനം നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1762/2024/LSGD തീയതി,തിരുവനന്തപുരം, 25-09-2024

---

പരാമർശം:-

1. ശ്രീമതി. ദേവി. രാമചന്ദ്രൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.06.2024-ലെ അപേക്ഷ.
2. സ.ഉ(സാധാ)നം.1640/2024/LSGD, തീയതി:06.09.2024.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2024-ലെ LSGD / PD / 20927 / 2024 - DEA5 നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ സ്റ്റേറ്റ് എം ജി. എൻ. ആർ. ഇ. ജി. എ എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ദേവി. രാമചന്ദ്രൻ, വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി 12.08.2024 മുതൽ 11.02.2027 വരെയുള്ള കാലയളവിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടിയാളുടെ അന്യത്രസേവനാടിസ്ഥാനത്തിലുള്ള നിയമനം പരാമർശം(2) പ്രകാരം റദ്ദ് ചെയ്ത് സർക്കാർ ഉത്തരവായിരുന്നു.

ഇതിനെത്തുടർന്ന് ടിയാരി 06.09.2024 അപരാഹ്നത്തിൽ അന്യത്രസേവനത്തിൽ നിന്ന് വിടുതൽ ചെയ്ത് 07.09.2024 പൂർവ്വാഹ്നത്തിൽ വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ടിയാരിയ്ക്ക് മാതൃവകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തികയിൽ നിയമനം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ

പരാമർശം(3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എം. ജി. എൻ. ആർ. ജി. ഇ. എ സ്റ്റേറ്റ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ദേവി രാമചന്ദ്രന് മാതൃവകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിലവിലുള്ള ഒഴിവായ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീമതി. ദേവി രാമചന്ദ്രൻ, അസി.എക്സി.എഞ്ചിനീയർ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 25-09-2024 11:58:15